LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വീസ് മൊതക്കര വരെ നീട്ടുന്നത് കോർപ്പറേഷന് ലാഭകരവും ജനങ്ങൾക്ക് ഉണകരവുമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ പടിഞ്ഞാറത്തറ കെ.എസ്.ഇ.ബി. വളപ്പിൽ സുരക്ഷിതമായി പാർക്ക് ചെയ്യുന്ന ബസ് മൊതക്കരവരെ നീട്ടിയൽ റോഡിൽ സുരക്ഷിതമല്ലാതെ പാർക്ക് ചെയ്യേണ്ടിവരുമെന്നതിനാൽ പ്രസ്തുത സർവ്വീസ് തൽക്കാലം ദീർഘിപ്പിക്കുവാൻ കഴിയില്ല.

ചരക്കുലോറിയും യാത്രാലോറിയും കുറയ്ക്കാൻ നടപടി

318 (3952) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില കുറയുന്നുണ്ടെങ്കിലും അതിനനുസരിച്ച് ചരക്കുലോറിയും യാത്രാലോറിയും കുറയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന വ്യക്തമാക്കുമോ ;

(ബി) വില കുറയ്ക്കണമെന്നുണ്ടെങ്കിൽ അക്കാര്യം സർക്കാരിന് തീരുമാനിക്കാവുന്നതാണെന്ന് ലോറി ഉടമകൾ പ്രഖ്യാപിച്ചതിനുശേഷവും ചരക്കുലോറി കുറയ്ക്കാതിരിക്കുന്നത് ജനദ്രോഹപരമാണെന്ന ആക്ഷേപം പരിഗണിക്കുമോ ;

(സി) ചരക്കുലോറിയും യാത്രാലോറിയും കുറയ്ക്കാതിരിക്കുന്നതുമൂലം സ്വകാര്യ ബസുടമകൾക്കും ടക്കുടമകൾക്കും വൻലാഭം ലഭിക്കുമെന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് ഇവ രണ്ടും കുറച്ച് ജനങ്ങളെ സഹായിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പെട്രോൾ/ഡീസൽ വില വർദ്ധനവിന് പുറമെ, സ്പെയർ പാർട്സ്, ടയർ, ലൂബ്രിക്കന്റ്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങി സ്റ്റേജ് ക്യാരേജുകളുടെ പ്രവർത്തനച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, വിദ്യാർത്ഥികൾ, അംഗപരിമിതരായ ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ് എന്നിങ്ങനെ സ്റ്റേജ് ക്യാരേജ് ഓപ്പറേറ്റു ചെയ്യുന്നതിലെ എല്ലാ ഘടകങ്ങളും കണക്കിലെടുത്തശേഷമാണ് ബസ് ചാർജ് വർദ്ധിപ്പിക്കുന്നതിന്

സർക്കാർ തീരുമാനമെടുക്കുന്നത്. യാത്രാക്കൂലിയിൽ വർദ്ധനവ് വരുത്തിയതിനു ശേഷം ഇന്ധനവിലയിൽ കുറവു വന്ന സാഹചര്യത്തിൽ യാത്രാക്കൂലി കുറയ്ക്കുന്നത് സംബന്ധിച്ച കാര്യത്തിൽ അഭിപ്രായം ലഭ്യമാക്കാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിച്ചിട്ടില്ല. ഇത്തരം കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2010-ൽ രൂപീകൃതമായ ടി കമ്മിറ്റി പ്രവർത്തിച്ചു വരുന്നതിനാൽ കമ്മിറ്റിയുടെ ശിപാർശ ഈ വിഷയത്തിൽ ഒഴിവാക്കാൻ കഴിയുകയില്ല. ചരക്കുകൂലി സർക്കാർ നിശ്ചയിച്ചിട്ടില്ല.

(ബി) 'എ' പിരിവിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) പെട്രോൾ/ഡീസൽ എന്നിവയുടെ വിലക്കുറവ് കണക്കാക്കി യാത്രാക്കൂലി കുറയ്ക്കുന്നത് സംബന്ധിച്ച് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുമ്പോൾ യാത്രാക്കൂലി കുറയ്ക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി.- സ്വകാര്യവൽക്കരണം

319 (3953) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി സ്വകാര്യവൽക്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടെന്നുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

ഉത്തരം

കെ.എസ്.ആർ.ടി.സി.-യെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ പരിഗണനയിലില്ല. കോർപ്പറേഷനെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

കെ.എസ്.ആർ.ടി.സി.-യിൽ സി.എൽ.ആർ. ആയി ജോലി ചെയ്യുന്നവരുടെ സ്ഥിരപ്പെടുത്തൽ

320 (3954) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി.-യിൽ വർഷങ്ങളായി സി.എൽ.ആർ. ആയി ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷം സേവനം ചെയ്തവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly